കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

01
മാർച്ച്
2018

# ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY



## മുയൽ മാഡ്രിഡിനെ തോൽപ്പിച്ച് ബിയർലോണ

**കുറുക്കൻ മൈതാനം:** ഇന്നലെ കാദർക്കായുടെ വീടിന്റെ പിറകു വശത്തുള്ള കുറുക്കൻ മൈതാനത്തു വെച്ച് നടന്ന മൽസരത്തിൽ ബിയർലോണ മുയൽ മാഡ്രിഡിനെ എതിരില്ലാത്ത 5 ഗോളിന് തോൽപ്പിച്ചു. ബിയർലോണ ക്യാപ്റ്റൻ ലിയോ ബിയർ ഹാട്രിക് അടിച്ചു.

24, 38, 64 മിനിറ്റുകളിലാണ് ലിയോ ഗോളടിച്ചത്. ഈ മൽസരത്തോടെ ലിയോ ബാലൻ ഡി ഓർ പുരസ്കാരത്തിന് അർഹനായി.

മുയൽ മാഡ്രിഡ് താരം ക്രിസ്റ്റ്യാനോ മുയൽ തോൽവിയുടെ സങ്കടഭാരത്താൽ ഗ്രൗണ്ടിനു ചുറ്റും കരഞ്ഞു കൊണ്ട് ഓടിനടന്നു. അയ്യോ മുയലേ കരയല്ലേ എന്ന് കാണികൾ വിളിച്ചു പറഞ്ഞിട്ടും ക്രിസ്റ്റ്യാനോവിന്റെ സങ്കടം നിന്നില്ല. ആരോ അരക്കിലോ കാരറ്റ് കൊടുത്തപ്പോഴാണ് മുയൽ കരച്ചിൽ നിർത്തിയത്. നിങ്ങളെ ഇനി കളിക്കാൻ കൂട്ടില്ല എന്നും പറഞ്ഞ് മാഡ്രിഡ് താരങ്ങൾ തെറ്റിപ്പോയി.

**-ഷഹബാസ്**

## കെണികൾ മുറിച്ചു കൊടുക്കുന്നു: റാറ്റ് ബ്രദേഴ്സ്



വലയിൽ പെട്ട് ജീവിതം ത്രിശങ്കുവിലായ മൃഗങ്ങൾ സമീപിക്കുക. ഞങ്ങൾ മിതമായ നിരക്കിൽ വല മുറിച്ചു കൊടുക്കുന്നു. കെണിയിൽ പെട്ട മൃഗങ്ങൾ ഞങ്ങളുടെ 2244 എന്ന നമ്പറിലേക്ക് വിളിക്കുക.
www.rat brothers.in

**-ഷഹബാസ്, ക്ലാസ് 8, ഐ.ആർ.എച്ച്.എസ്.എസ്, എടയൂർ**

## നാളെ പൊതു അവധി



**കടുവക്കുണ്ട്:** നാളെ സംസ്ഥാനത്ത് പൊതു അവധി. മുഖ്യമന്ത്രി ചടയൻ സിംഹത്തിന്റെ വകയിലെ അമ്മാവന്റെ പേരക്കുട്ടിയുടെ ഭർത്താവിന്റെ ജ്യേഷ്ഠന്റെ അമ്മായിയുടെ മൂത്താപ്പ സ്രാങ്ക് സിംഹം ബീഫ് കഴിക്കുന്നതിനിടെ ആയിരം, അഞ്ഞൂറ് നോട്ടുകൾ നിരോധിച്ചതു കേട്ട് ശ്വാസം കിട്ടാതെ അറ്റാക്ക് വന്നതിനെത്തുടർന്നു മരണപ്പെട്ടത് അനുബന്ധിച്ചാണ് അവധി.

ഒട്ടേറെ ഹർത്താലുകൾ പ്രഖ്യാപിച്ച ജംഗിൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ തലമുതിർന്ന നേതാവാണ് സ്രാങ്ക്. ഹർത്താലുകൾ പ്രഖ്യാപിച്ച് ഒട്ടേറെ അവധി തന്ന സ്രാങ്കിന്റെ നിര്യാണത്തെത്തുടർന്ന് അവധി നൽകാതിരിക്കുന്നത് മോശമാണ് എന്നതുകൊണ്ടാണ് അവധി നൽകുന്നത് എന്ന് മുഖ്യൻ പറഞ്ഞു.

സ്രാങ്ക് അത്ര നല്ല പൊതുപ്രവർത്തകൻ ആയിരുന്നില്ല എന്നും എന്നിട്ടും പൊതു അവധി നൽകുന്നത് അനുവദിക്കാൻ പറ്റില്ല എന്നും പറഞ്ഞ് പൊതു അവധിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ പാർട്ടികൾ നാളെ ഹർത്താലും പ്രഖ്യാപിച്ചിട്ടുണ്ട്.

**-മുഹമ്മദ് മുസാഫിർ യു.ടി**

## ചരിത്രം തിരുത്തി മന്നൻ മുയൽ

**ആമനാപുരം:** ചരിത്രം തിരുത്തിയെഴുതി മന്നൻ മുയൽ. ഇന്നലെ വൈകീട്ട് നാലിന് നടന്ന ഓട്ടമത്സരത്തിൽ ചിന്നനാമയെ മറികടന്നാണ് മന്നൻ മുയൽ ചരിത്രം തിരുത്തിയത്. കഴിഞ്ഞ പ്രാവശ്യം നടന്ന മത്സരത്തിന്റെ തലേന്ന് രാത്രി മുഴുവൻ താൻ ഫെയ്സ്ബുക്കിൽ ബിസിയായതിനാൽ ഉറങ്ങിയില്ല. അതിനാലാണ് താൻ മൽസരത്തിനിടെ ഉറങ്ങിപ്പോയതെന്നും അല്ലാതെ താൻ കോഴ വാങ്ങി തോറ്റതല്ലെന്നും മന്നൻ വ്യക്തമാക്കി.



തന്നെ കുറിച്ചുള്ള അപവാദങ്ങൾ കേട്ട് കഴിഞ്ഞ കുറേ ദിവസങ്ങളായി ഞാൻ കരച്ചിലോട് കരച്ചിലാണ്. ഈ കള്ളങ്ങൾ പ്രചരിപ്പിക്കുന്ന പത്രങ്ങളോടും ചാനലുകളോടും ദൈവം ചോദിക്കും എന്നും മന്നൻ പറഞ്ഞു.

എന്നാൽ സംഭവസ്ഥലത്ത് മന്നൻ മുയലിന്റെ എതിരാളി ചിന്നനാമ ങീ ങീ എന്ന് മോങ്ങിക്കരഞ്ഞത് ചിന്നന്റെ ഫാൻസിനെ ഈറനണിയിച്ചു. ഓട്ടമൽസരം എന്ന സംഗതി തന്നെ വെറുത്തുപോയി എന്ന് ഒരു ആരാധകൻ പറഞ്ഞു.ഇനി ചിന്നന് മൽസരിക്കണം എന്ന് നിർബന്ധമാണേൽ ഒറ്റക്ക് മൽസരിച്ചാൽ മതിയെന്നും അദ്ദേഹം പറഞ്ഞു.

ഇനി താൻ മത്സരത്തിന്റെ തലേ രാത്രി ഫെയ്സ്ബുക്കിന് പകരം വാട്സാപ്പ് മാത്രമേ ഉപയോഗിക്കൂ എന്നാണിനി മന്നൻ മുയലിന്റെ തീരുമാനം.

**-അഫീഫ വാഹിദ്, ജിവി.എച്ച്.എസ്.എസ്, പഴഞ്ഞി**